# എസ്.കാച്ചപ്പിള്ളി




# എന്റെ സാമൂഹ്യ സുരക്ഷാ ചിന്തകൾ

# എന്റെ
# സാമൂഹ്യ സുരക്ഷ
# ചിന്തകൾ

# സാമൂഹ്യ സുരക്ഷ

## എസ്.കാച്ചപ്പിള്ളി

**കഥകൾ:**

ഒറ്റമുറിവീട്

ഒരു ബുദ്ധിജീവിയും കുറെ അനുയായികളും

ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ

കേശുവിന്റെ കഥ, എന്റെ വിധിയും

**ലേഖനങ്ങൾ:**



കേരളമോഡൽ പ്രതിസന്ധി

ക്ലബ് ഹൗസ്

ദുരന്തങ്ങൾ നൽകുന്ന പാഠം

സ്വാന്തനം

ക്ലബ് ഹൗസ് രണ്ടാം ഭാഗം

**നുറുങ്ങു ചിന്തകൾ:**

മൊഴിമുത്തുകൾ

**ചിന്തകൾ:**

എന്റെ ജനാധിപത്യ ചിന്തകൾ

**വാർത്താധിഷ്ഠിതം:**

കഥ തുടരുന്നു

**കരിക്കുലം പഠനം:**

മതമില്ലാത്ത ജീവൻ

web: www.kachappilly.in (free download of all books)

Face book: Sebastian Kachappilly

Youtube: sebastiankachappilly

*ലോകത്ത് എല്ലാ രാജ്യങ്ങളും ഫലസമൃദ്ധമായ അന്തരീക്ഷത്തിലേക്ക് എത്തിപ്പെടുന്നത് അവിടങ്ങളിൽ നടമാടുന്ന സാമൂഹ്യ സുരക്ഷയിലൂടെയാണ്. വിദ്യാഭ്യാസ കാര്യങ്ങളിലും ആരോഗ്യ കാര്യങ്ങളിലും നേട്ടങ്ങൾ കൈ വരിച്ച കേരളത്തിന് സാമൂഹ്യ സുരക്ഷ എന്ന നേട്ടം കൈ വരിക്കാൻ സാധ്യമാകാതെ വരുന്നത് ഇവിടെ നിലനിൽക്കുന്ന ചിന്താഗതികളാണെന്നും അവ തിരുത്തപ്പെടേണ്ടതുണ്ടെന്നും പുസ്തകത്തിലെ ഓരോ വാചകവും നമ്മളെ ഓർമ്മിപ്പിക്കുന്നു.*

*എസ്.കാച്ചപ്പിള്ളി*



പഠിപ്പിക്കുക എന്നത് കുട്ടിക്കളിയല്ല, അത് ഒരു സംസ്ക്കാരമാണ്. ഭരിക്കാൻ തിരഞ്ഞെടുക്കുന്നതിനായി ആരേയും പരിഗണിക്കാൻ മടിയില്ലെങ്കിലും പഠിക്കാൻ ചേർക്കുന്നതിന് സംസ്ക്കാരം ഒരു മാനദണ്ഡമായി തന്നെ കേരളീയൻ കരുതുന്നു. ഭരിക്കാൻ തിരഞ്ഞെടുക്കുന്നവർക്കും സംസ്ക്കാരം ഒരു മാനദണ്ഡമായി കണക്കാക്കേണ്ടത് സമൂഹത്തിലെ ഉന്നതമായ സാമൂഹ്യ സുരക്ഷ ഉറപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

 കലയിലായാലും ഭരണകർത്താക്കളുടെ കാര്യത്തിലായാലും മറ്റിതര മേഖലയിലുള്ളവരായാലും ധാർമ്മിക വ്യക്തിത്വങ്ങൾ മാത്രമെ പ്രോത്സാഹിപ്പിക്കപ്പെടാൻ പാടുള്ളൂ. ഏതു മേഖലയിലായാലും ധാർമ്മിക ബോധമില്ലാത്തവർ പ്രോത്സാഹിപ്പിക്കപ്പെടുന്നത് സമൂഹം അധാർമ്മികതയിലേക്ക് വഴിമാറാൻ ഇടയാകുന്നു. സമൂഹത്തിലെ അധാർമ്മികതയാണ് സാമൂഹ്യ സുരക്ഷ നേടിയെടുക്കുന്നതിന് തടസമായി മാറുന്നത്.



സമൂഹത്തിലെ പല വ്യക്തികളും ഒന്നിൽ കൂടുതൽ പെൻഷൻ വാങ്ങുന്നവരാണെന്നു കാണാം. സമൂഹത്തിലെ എല്ലാ മേഖലയിലും ഉള്ളവർക്ക് അത് ജനപ്രതിനിധികളായാലും സർവ്വീസ് മേഖലയിലുള്ളവരായാലും ഒരു പെൻഷൻ മാത്രമെ ലഭിക്കുന്നുള്ളൂ എന്നു ഉറപ്പു വരുത്തേണ്ടതുണ്ട്. ഒരാൾ തന്നെ ഒന്നിൽ കൂടുതൽ പെൻഷൻ വാങ്ങുന്നത് സമൂഹത്തിൽ സാമൂഹ്യ സുരക്ഷ നടപ്പാക്കുന്നതിന് ആവശ്യമായി വരുന്ന സമ്പത്തിന്റെ ദുർവിനിയോഗമാണ്.



കേരളീയൻ വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും മുന്നിട്ടു നിൽക്കുന്നു. അതുകൊണ്ടു തന്നെ കേരളീയന്റെ നിലവാരം ആഗോള നിലവാരത്തിലാണെന്നു കരുതുകയും ചെയ്യുന്നു. എന്നിട്ടും രാഷ്ട്രീയ മേഖലയിലുള്ളവർ കേരളീയനെ പറഞ്ഞു പറ്റിക്കുന്നത് സാധാരണമായിരിക്കുന്നു. പറഞ്ഞു പറ്റിക്കുന്നവരെ രാഷ്ട്രീയ മേഖലയിൽ വിലസാൻ അനുവദിക്കുന്നത് സമൂഹത്തിൽ സാമൂഹ്യ സുരക്ഷ നടപ്പാക്കുന്നതിന് തടസം തന്നെയാണ്.



ബിവറേജ് കോർപ്പറേഷൻ നടത്തുന്ന ചില്ലറ വിൽപ്പന ശാലകൾക്ക് മുമ്പിൽ കാണുന്ന നീണ്ട നിരകൾ കേരളത്തെ ലോകത്തിനു മുമ്പിൽ വളരെയേറെ നാണം കെടുത്തിയിട്ടുണ്ട്. മദ്യാസക്തി മൂലമുള്ള അടിമത്വ മനോഭാവത്തെ തിരിച്ചറിഞ്ഞ് അതിനു പരിഹാരം കാണാനുള്ള ഏതൊരു ശ്രമവും അഭിനന്ദനാർഹമായി മാറുന്നു. മദ്യാസക്തി മൂലമുണ്ടാകുന്ന അടിമത്വ മനോഭാവം സമൂഹത്തിൽ സാമൂഹ്യ സുരക്ഷ നേടിയെടുക്കുന്നതിന്റെ പ്രസക്തി തിരിച്ചറിയാതെ പോകുന്നു.



സർക്കാർ ബസുകൾ ക്ലാസ്സ് മുറികൾ ആക്കുന്ന രാജ്യങ്ങൾ ലോകത്ത് കാണാൻ സാധ്യതകളേറെയുണ്ട്. അത്തരം രാജ്യങ്ങളെ ഇത്തരം മനോഭാവത്തിന് പ്രേരിപ്പിക്കുന്നത് അവിടങ്ങളിൽ നിലനിൽക്കുന്ന ദാരിദ്ര്യമാകാനെ സാധ്യതയുള്ളൂ. വിദ്യാഭ്യാസ കാലഘട്ടം ശോഭനമല്ലെങ്കിൽ വളർന്നു വരുന്ന പൗരന്മാരിലെ പൗരത്വബോധം നാശോന്മുഖമാവുകയും സാമൂഹ്യ സുരക്ഷ എന്നതിന്റെ പ്രാധാന്യം തിരിച്ചറിയാതെ പോവുകയും ചെയ്യുന്നു.



കേരളീയന്റെ വിദ്യാഭ്യാസത്തിനും ആരോഗ്യ മേഖലയിലെ വളർച്ചക്കുമനുസരിച്ചല്ല പല തീരുമാനങ്ങളും എടുക്കുന്നത് എന്നു കാണാം. അതുകൊണ്ടു തന്നെ സംഘം ചേർന്ന് സമൂഹത്തെ കൊള്ളയടിക്കാനായി രാഷ്ട്രീയ പാർട്ടികളായി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നവരെ വിമർശിക്കുമ്പോൾ വിമർശിക്കുന്നവരെ അരാഷ്ട്രീയ വാദികൾ എന്നു വിളിച്ച് നിരുൽസാഹപ്പെടുത്തുന്നു. ഏതാണ് രാഷ്ട്രീയ വാദമെന്നതും അരാഷ്ട്രീയ വാദമെന്നതും തിരിച്ചറിയാതെ പോവുന്നത് സാമൂഹ്യ സുരക്ഷ ലഭ്യമാക്കുന്നതിന് തടസമായി നിലനിൽക്കുന്നു.

നിയമനിർമ്മാണ സഭകളും നീതിന്യായ കോടതികളും എക്സിക്യൂട്ടീവുമടങ്ങുന്ന ജനാധിപത്യത്തിലെ മുന്നു പ്രധാന തൂണുകൾ പോലെ പ്രധാനപ്പെട്ടതാണ് മാധ്യമങ്ങളും. അതുകൊണ്ടുതന്നെ മാധ്യമങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾക്ക് മറ്റിതര മേഖലയിലുള്ളവർ കൃത്യമായ മറുപടി പറയാനുള്ള സൗമനസ്യം കാണിക്കുന്നത് ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. മാധ്യമങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാതെ അവരെ മറ്റു വിധത്തിൽ നേരിടുന്നത്, സമൂഹത്തിൽ സാമൂഹ്യ സുരക്ഷ ഒരുക്കുന്നതിന് തടസം നിൽക്കുന്നവരാണ്.

 ദുരിതമനുഭവിക്കുന്നവനോട് സൗമനസ്യം കാണിക്കുക എന്നത് സമൂഹത്തിന്റെ നിലനിൽപ്പിനു കൂടി അത്യാവശ്യം തന്നെയാണ്. അധാർമിക മനോഭാവമുള്ളവനാണെങ്കിൽ അവൻ അർഹതയില്ലാത്തവനും അവനോടാണ് സൗമനസ്യം കാണിക്കുന്നതെങ്കിൽ അത് വിഢിത്തം മാത്രമല്ല അപകടം കൂടിയായി മാറുന്നു. സൗമനസ്യം കാണിക്കുന്നതിലും വ്യക്തിത്വം മാനദണ്ഡമാക്കുന്നില്ലെങ്കിൽ സാമൂഹ്യ സുരക്ഷ അനന്തമായി നീണ്ടു പോകാൻ കാരണമാകുന്നു.



ആധുനിക സമൂഹത്തിൽ ഭാരതത്തെ പോലുള്ള രാജ്യങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളി പെരുകി വരുന്ന ജനസംഖ്യയാണ്. സ്ത്രീകൾ പ്രസവിക്കാനുള്ള യന്ത്രമായി കാണുന്നവരെ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. രണ്ടിൽ കൂടുതൽ കുട്ടികളുള്ളവരെ തിരഞ്ഞെടുപ്പുകളിൽ മത്സരിപ്പിക്കുന്നതിൽ നിന്നും നിയമംമൂലം മാറ്റിനിറുത്തേണ്ടതും സർക്കാർ ജോലി നിയമം മൂലം നിഷേധിക്കേണ്ടിയുമിരിക്കുന്നു. ഭാരതത്തെ പോലുള്ള സമൂഹത്തിൽ ജനസംഖ്യാ നിയന്ത്രണവും സാമൂഹ്യ സുരക്ഷ നേടിയെടുക്കുന്നതിൽ നിർണ്ണായകമായ സ്ഥാനം വഹിക്കുന്നു.

 കേരളത്തിലെ പ്രധാന പൊതു മേഖല സ്ഥാപനങ്ങളിലൊന്നായ കെ.എസ്.ആർ.ടി.സിയിൽ ആരംഭിച്ച സ്വിഫ്റ്റ് പോലുള്ള നിയമനരീതി മറ്റിതര പൊതുമേഖല സ്ഥാപനങ്ങളിലും സർക്കാർ സേവന മേഖലയിലും ആരംഭിക്കുകയാണെങ്കിൽ കേരളീയന്റെ നടുവൊടിക്കുന്ന നികുതികൾക്ക് പരിഹാരവും വികസിത സമൂഹത്തിൽ അത്യന്താപേക്ഷിതവുമായ സാമൂഹ്യ സുരക്ഷയും നേടിയെടുക്കാൻ സാധിക്കുന്നു.



കേരളത്തിൽ ആഴ്ചതോറും ഇറങ്ങിയിരുന്ന പലവിധ ആഴ്ചപ്പതിപ്പുകൾ ഒന്നൊന്നായി പൂട്ടിക്കൊണ്ടിരിക്കുകയാണ്. വ്യവസായിക അന്തരീക്ഷം വളർത്തിയെടുക്കുന്നതിൽ പരാജയപ്പെട്ട കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയും ടി.വി. സീരിയലുകളും ആ സമയം കവർന്നെടുക്കുയാണുണ്ടായത്. വ്യവസായിക അന്തരീക്ഷം ഉണ്ടാകേണ്ടതും വ്യവസായിയും വ്യവസായവും രാജ്യതാൽപ്പര്യത്തിന് എന്നത് സമൂഹം തിരിച്ചറിയുന്നതും സാമൂഹ്യ സുരക്ഷ നേടിയെടുക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന ഘടകങ്ങളാണ്.



കേരളീയന്റെ ജീവിതം ആധുനീക സമൂഹത്തിനൊത്തവിധം മാറുന്നതിന് തടസം നിൽക്കുന്നത് സർക്കാർ തൊഴിലിടങ്ങളിലും പൊതുമേഖല സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന ചെറിയ സമൂഹത്തിന്റെ നിലപാടുകളാണ്. ഇലക്ട്രിസിറ്റി പോലുള്ള സ്ഥാപനങ്ങൾ ഏറെക്കുറെ ഔട്ട് സോഴ്സിങ് ആക്കുകയും അതുവഴി ആധുനീക സമൂഹത്തിൽ വൈദ്യുതി സൗജന്യമാക്കുകയും ചെയ്യാൻ കഴിയാത്തത് ഇത്തരം തൊഴിൽ മനോഭാവങ്ങളാണ്. സർക്കാർ മെഖലയിൽ ഔട്ട് സോഴ്സിങ് സമ്പ്രദായം കൊണ്ടുവരുന്നത് സാമൂഹ്യ സുരക്ഷക്കാവശ്യമായ സമ്പത്ത് ക്രമീകരിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

 കടലിന്റെ സാമീപ്യം കൊണ്ടും നദികളാൽ സമ്പുഷ്ഠമായ കേരളത്തെപ്പോലുള്ള ആധുനിക സമൂഹത്തിൽ വെള്ളപ്പൊക്കം നിയന്ത്രണവിധേയമാക്കുന്നതിൽ പരാജയപ്പെടുന്നത് ഭരണാധികാരികളുടെ പരാജയമായി കാണേണ്ടിയിരിക്കുന്നു. കേരളത്തിലെ കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ നടുക്കുന്ന ചെറിയ കാര്യങ്ങൾക്കായുള്ള സമരാഭാസങ്ങളെ ന്യായീകരിക്കുന്നവർ ഡാമിൽ കിടക്കുന്ന വെള്ളം എങ്ങനെ തട്ടിൻമുകളിലെത്തിക്കാം എന്നതിനെപ്പറ്റിയല്ലാതെ സാമൂഹ്യ സുരക്ഷയെപ്പറ്റി ചിന്തിക്കാത്തവരാണ്.

 ജൈവകൃഷിയുടെ പ്രാധാന്യം
തിരിച്ചറിയേണ്ടതും പൗരന്മാരെ
ബോധ്യമാക്കേണ്ടതുമുണ്ട്. വരുമാന
ത്തിന് പൂർണ്ണമായും ടൂറിസത്തെ
ആശ്രയിക്കുന്ന ശ്രീലങ്ക എന്ന രാജ്യ
ത്തിന് കോവിഡ് വരുമാന നഷ്ടം
സമ്മാനിച്ചു. അതിനു പുറമെയാണ്
ജൈവകൃഷിയെ മാത്രമായി ആശ്ര
യിച്ച ശ്രീലങ്കക്ക് ഉൽപ്പാദന
നഷ്ടവും പട്ടിണിയും സമ്മാനിച്ചത്.
ഭരണകർത്താക്കളെ വീണ്ടും വീണ്ടും
തുടരാൻ അനുവദിക്കുകവഴി അലസ
തയും ഏകാധിപത്യ വാസനയും
അതുവഴി ഭരണ പരാജയത്തിനും
വഴിതെളിച്ചു. ഭരണ കർത്താക്കളോട്
പക്ഷം ചേർന്ന് ന്യായീകരണ തൊഴി
ലാളിയായി മാറുന്നവർ സാമൂഹ്യ
സുരക്ഷ എന്ന വലിയ നേട്ടം നേടി
യെടുവാൻ പറ്റാത്ത അവസ്ഥയി
ലേക്ക് സമൂഹത്തെ എത്തിക്കുന്നു.

 സർക്കാർ കൊടുക്കുന്ന
ലൈബ്രറി ഗ്രാന്റ് വിദ്യാഭ്യാസ
സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിത
പ്പെടുത്തി, പൊതുജനങ്ങളെ വിദ്യാ
ഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറി
കൾ ഉപയോഗിക്കാൻ അനുവദി
ക്കണം. വിദൂര സംവേദനത്തിലൂടെ
ആവശ്യപ്പെടുന്ന പുസ്തകങ്ങൾ
പോസ്റ്റ്മാനെപ്പൊലെ വീടുകളിൽ
എത്തിക്കാനുള്ള സൗകര്യം ലൈബ്ര
റികൾ ഒരുക്കുകയും വേണം.
കുറഞ്ഞ ചിലവിൽ വിദൂര സംവേദ
ത്തിലൂടെ ലൈബ്രറി സൗകര്യങ്ങൾ
എത്തിക്കുക എന്നതും സാമൂഹ്യ
സുരക്ഷയിലെ പ്രധാന വെല്ലുവിളി
യായി കണ്ട് നടപ്പിലാക്കേണ്ടതുണ്ട്.



കേരളത്തിലെ കായലുകളിലും കടലിലുമൊക്കെ മത്സ്യങ്ങളുടെ ലഭ്യത വല്ലാതെ കുറഞ്ഞിരിക്കുന്നു. മീനുകളുടെ പ്രജനനകാലത്ത് അവയെ പിടിക്കുന്നതിലുള്ള നിയന്ത്രണം കൃത്യമായി പാലിക്കാനും ചെറുമത്സ്യങ്ങൾ പിടിക്കുകയൊ വിൽപ്പന നടത്തുകയൊ ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തുകയും വേണം. വിത്ത് എടുത്ത് പായസം വെക്കുന്നവന്റെ ഗതി വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പോഷകാഹാര പ്രധാനമായ വിഭവങ്ങളുടെ ലഭ്യത ഉറപ്പു വരുത്തേണ്ടത് സാമൂഹ്യ സുരക്ഷ നടപ്പിലാക്കുന്നതിന്റെ ആദ്യ ചുവടു വയ്പാണ്.

 നമ്മുടെ സംസ്ഥാനത്ത് വ്യവ
സായ അന്തരീക്ഷമില്ലാത്തതിനാലും
വേതന സേവന വ്യവസ്ഥകളിൽ
അമിതമായ അന്തരം ഉള്ളതിനാലും
സർക്കാർ ജീവനക്കാരനായി കഴി
യുക എന്നത് കേരളത്തിലെ ഒട്ടുമിക്ക
യുവതീ-യുവാക്കളുടേയും ആഗ്രഹ
മാണ്. സർക്കാർ ജീവനക്കാര
നെന്നും അല്ലാത്തവനെന്നും തരംതി
രിച്ചുള്ള രണ്ടുതരം പൗരന്മാരിൽ
ഒന്നാംതരം പൗരനാകാനുള്ള
വെമ്പൽ ആത്മഹത്യയിലേക്ക് നയി
ക്കാതിരിക്കാനും ഇത്തരം അന്തരം
ഒഴിവാക്കേണ്ടിയിരിക്കുന്നു. രണ്ടുതരം
പൗരന്മാരെ അലസമായി സൃഷ്ടി
ക്കുന്ന സമൂഹത്തിന് സാമൂഹ്യ
സുരക്ഷ എന്നത് കൃത്യമായി നടപ്പി
ലാക്കുക സാധ്യമല്ല.

 ചെറുവര പോലുള്ള കേരള സംസ്ഥാനം ഭരിക്കുന്നവരുടെ സുര ക്ഷക്കായി എത്രമാത്രം കോടികളാണ് ചിലവഴിക്കപ്പെടുന്നത്. പൊതുവഴിക ളിൽ ജനങ്ങളെ തടഞ്ഞും സിഗ്നലു കൾ ഓഫാക്കി വഴികൾ ക്ലിയർ ചെയ്തും സംസ്ഥാനത്തെ ജനങ്ങളെ നോക്കുകുത്തികളായി മാറ്റുന്നത് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. അസ്വഭാവിക സാഹചര്യങ്ങൾ വളർത്തിയെടുക്കുന്നതിൽ ഭരണാധി കാരികൾ പങ്കു വഹിക്കുന്നുവെങ്കിൽ ആ സമൂഹത്തിലും സാമൂഹ്യ സുരക്ഷ അകലെയാണ്.



ട്രാക്റ്റർ ഉപയോഗിച്ചാൽ കാർഷിക മേഖലയിൽ പണിയെടുക്കുന്ന കോടിക്കണക്കിന് ആളുകളുടെ ജോലി ഇല്ലാതാകുമെന്ന നിലപാടാണ് സംസ്ഥാനം സ്വീകരിച്ചിരുന്നത്. ആധുനിക സംവിധാനങ്ങളോടുള്ള ഇത്തരം നിലപാടുകൾ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖല സ്ഥാപനങ്ങളിലും എടുത്തതുകൊണ്ടാണ് സംസ്ഥാനം അനുദിനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നത്. മെറിറ്റ് പ്രവേശനം കാര്യക്ഷമതയുള്ള സമൂഹത്തിനും അതുവഴി സമൂഹത്തിൽ സാമൂഹ്യ സുരക്ഷ നടപ്പിലാക്കുന്നതിലും നിർണ്ണായകമായ പങ്ക് വഹിക്കുന്നു.



ഉന്നത വിദ്യാഭ്യാസ സ്ഥാപന
ങ്ങളിലും സർക്കാർ, പൊതുമേഖല
സ്ഥാപനങ്ങളിലും സംവരണ പരിഗ
ണന വച്ചുള്ള മെറിറ്റ് പ്രവേശനം
സമൂഹത്തിന്റെ വളർച്ചയെ അവഗ
ണിക്കുന്നതിന് തുല്ല്യമാണ് എന്നു
വിശ്വസിക്കുന്നവർ തങ്ങളുടെ സാമൂ
ഹ്യ വളർച്ചയേയും ആശങ്കയോടെ
കാണാൻ തുടങ്ങി. തങ്ങളുടെ മക്ക
ളുടെ ഉന്നതമായ വളർച്ച വിദ്യാഭ
്യാസ മേഖലയിൽ മാത്രമല്ല വിവാഹാ
നന്തരമുള്ള ജീവിതത്തിലും ഉണ്ടാക
ണമെന്ന് ആഗ്രഹിക്കുക സ്വാഭാവികം
തന്നെയാണ്.

 വ്യക്തികളുടേയും സമൂഹത്തിന്റേയും ആഹ്ലാദകരവും ആരോഗ്യകരവുമായ ജീവിതാവസ്ഥ നേടിയെടുക്കുക എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. കുഞ്ഞുന്നാൾ തൊട്ടുള്ള ശ്രദ്ധയും ചില കാര്യങ്ങളിൽ നിർബന്ധ ബുദ്ധയോടെ എടുക്കുന്ന തീരുമാനങ്ങളുമൊക്കെയാണ് മെച്ചപ്പെട്ട ആഹ്ലാദകരവും ആരോഗ്യകരവുമായ ജീവിതാവസ്ഥ നേടിയെടുക്കുന്നതിന് ആവശ്യമായിട്ടുള്ളത്. ആഹ്ലാദകരവും ആരോഗ്യകരവുമായ ജീവിതാവസ്ഥ സമൂഹത്തിൽ പൂർണ്ണാവസ്ഥയിൽ എത്തിപ്പെടുന്നത് സാമൂഹ്യ സുരക്ഷയിലൂടെയാണ്.



സമൂഹത്തിലെ സമസ്ത മേഖ
ലയിലും അച്ചടക്കം നിലനിൽക്കേ
ണ്ടത് അത്യന്തം ആവശ്യം തന്നെയാ
ണ്. വളരെ പ്രബലമായ കേഡർ
സംവിധാനത്തിലൂടെ ആടിനെ പട്ടി
യാക്കാൻ കഴിയുംവിധം വ്യാപക
മായ വൈരുദ്ധ്യാത്മകമായ ആശയ
ങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കാൻ
കഴിയുന്നു എന്നതാണ് കേരളത്തിലെ
ചില പാർട്ടികളുടെ ശക്തി. മെച്ച
പ്പെട്ട ആശയ സമവായത്തിലൂടെ വള
രുന്ന സമൂഹത്തിന് വളരെയെളുപ്പ
ത്തിൽ സാമൂഹ്യ സുരക്ഷ നടപ്പിലാ
ക്കാവാനും കഴിയുന്നു.



മാന്യന്മാരെ അവഹേളിച്ച് അധികാരത്തിൽ എത്തിപ്പെടുന്നവരുടെ എണ്ണം അനുദിനം കൂടി വരികയും സംസ്ഥാനത്തിന്റെ വളർച്ചക്ക് തടസമാവും വിധം അവരുടെ എണ്ണം വളർച്ച പ്രാപിക്കുകയും ചെയ്യുന്നു. അത്തരം കാര്യങ്ങളിലെ തിരിച്ചറിവാണ് എതിരാളികളെ നിഷ്ക്കാസനം ചെയ്തും മാന്യന്മാരെ അവഹേളിച്ചും മുന്നേറുന്ന രീതി ശരിയല്ല എന്ന ചിന്ത കേരള സമൂഹത്തിൽ ശക്തമാകാൻ കാരണം. മാന്യന്മാരെ തിരിച്ചറിയുന്ന സമൂഹത്തിൽ അഭിപ്രായ സ്വാതന്ത്ര്യം നിലനിൽക്കുകയും സാമൂഹ്യ സുരക്ഷ എന്ന നേട്ടത്തിലെത്തിപ്പെടാൻ സാധിക്കുകയും ചെയ്യുന്നു.



ആത്മഹത്യകളുടെ എണ്ണം പരിധിക്കപ്പുറമായാൽ അതിനർത്ഥം അവിടങ്ങളിലെ ഭരണാധികാരികളും രാഷ്ട്രീയ നേതൃത്വവും പ്രചരിപ്പിക്കുന്നതും നടപ്പാക്കുന്നതുമായവ അനർത്ഥങ്ങളാണ് എന്നതാണ്. ചെറുവരപോലെ കിടക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഒരു വർഷം മുന്നൂറിലധികം കുട്ടികൾ ആത്മഹത്യ ചെയ്യുന്നു എന്നത് ഈ അർത്ഥത്തിൽ തന്നെയാണ് വിഷയമാക്കേണ്ടത്. അനർത്ഥങ്ങൾ പുലമ്പുന്നവരെ തിരിച്ചറിയുക എന്നതും സാമൂഹ്യ സുരക്ഷ നേടിയെടുക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.

 കേരളത്തിലെ പൊതുമേഖലയിലും സർക്കാർ സ്ഥാപനങ്ങളിലും ജീവനക്കാരെ തിരഞ്ഞെടുക്കുന്ന രീതി ലോകത്ത് മറ്റൊരിടത്തും ഉണ്ടാകാൻ സാധ്യതയില്ല. സംസ്ഥാനത്തെ ഇലക്ട്രിസിറ്റി ബോർഡിൽ മസ്ദൂർ ആയി തിരഞ്ഞെടുക്കപ്പെട്ട് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറായി മാറുന്നത് കാര്യക്ഷമതയുടെ പേരിലല്ലാ എന്നും അതുകൊണ്ട് തന്നെ ഇത്തരം പ്രൊമോഷനുകൾ സമൂഹത്തിന് ഭാരിച്ച ജീവിതച്ചിലവും സമ്മാനിക്കുന്നു. ഭാരിച്ച ജീവിതച്ചിലവ് സമ്മാനിക്കുന്ന കാര്യക്ഷമതയില്ലാത്ത പ്രമോഷനുകൾ മൂലം സമൂഹത്തിന് ഒരിക്കലും ലഭ്യമാകാതെ പോകുന്നത് സാമൂഹ്യ സുരക്ഷ എന്ന കടമ്പ തന്നെയാണ്.

 സംസ്ഥാനത്ത് പോലീസ് രാജ്
നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഭരണ
നേതൃത്വങ്ങളുടെ തന്ത്രങ്ങളാണ് കൂടു
തൽ കൂടുതൽ ആനുകൂല്ല്യങ്ങൾ ആ
ഡിപ്പാർട്ട്മെന്റിൽ അനുവദിക്കുന്നതി
നുള്ള കാരണം. കൂടുതൽ കൂടുതൽ
പോലീസുകാരെ രാഷ്ട്രീയ ഭരണ
നേതൃത്വങ്ങൾ അകമ്പടി സേവി
ക്കാൻ ഉപയോഗിക്കുന്നതും തെറ്റായ
കീഴ്‌വഴക്കങ്ങളാണ്. വിധേയത്വമുള്ള
സമൂഹത്തെ വളർത്തിയെടുക്കുന്നതി
നായി ചിലവഴിക്കപ്പെടുന്നത് സാമൂ
ഹ്യ സുരക്ഷ എന്ന ആശയത്തിനായി
വക കൊള്ളിക്കേണ്ട സമ്പത്താണ്.



ലോകം പരിസ്ഥിതിയുടെ കാര്യത്തിൽ ആശങ്കയുള്ളവരാണ്. പരിസ്ഥിതിയുടെ കാര്യത്തിലും സാമൂഹ്യ സുരക്ഷയുടെ കാര്യത്തിലും സ്ത്രീകുളുടെ തുല്ല്യ പങ്കാളിത്തത്തിന്റെ കാര്യത്തിലും എത്രമാത്രം പുരോഗതി സമൂഹത്തിലുണ്ട് എന്നതാണ് പുരോഗമനവും വികസനാത്മകവുമായ മുന്നേറ്റം എന്നു പറയാവുന്നത്.



ലോകരാജ്യങ്ങളെപ്പറ്റി അറിയുന്നതും അവിടങ്ങളിലെ സംസ്ക്കാരം മനസ്സിലാക്കുന്നതുമൊക്കെ നല്ല കാര്യങ്ങളാണ്. വിവിധ രാജ്യങ്ങളിൽ യാത്രകൾ ചെയ്യുകയും അവയെ വേണ്ടുംവിധം ശാസ്ത്രീയ പഠനത്തിനു വിധേയമാക്കാതെയുള്ള നിരീക്ഷണങ്ങൾ കുറിപ്പുകളാക്കി സമൂഹ മദ്ധ്യത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നതുമൂലം വളർത്തിയെടുക്കുന്ന മനോഭാവം സമൂഹത്തിന് ശോഭനമായിരിക്കില്ല. സമൂഹത്തിൽ വളർന്നു വരുന്ന കൃത്യമായ മനോഭാവമാണ് സാമൂഹ്യ സുരക്ഷ നടപ്പാക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നത്.

മികച്ച പ്രകടനം പഠന മേഖലയിൽ കൈവരിക്കുന്നവർക്ക് അവരുടെ ഇഷ്ട വിഷയങ്ങൾ പ്ലസ്ടുവിലും തുടർന്നുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലും പഠിക്കാൻ അവസരമുണ്ടാക്കേണ്ടത് അതാത് സംസ്ഥാനങ്ങളുടെ കടമയാണ്. പലപ്പോഴും സർക്കാർ നിബന്ധന പാലിക്കപ്പെടേണ്ടി വരുന്നതിനാൽ ഇത് സാധ്യമാകുന്നില്ല. താത്ക്കാലിക ജീവനക്കാരെ നിയമിച്ചും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയും അവരുടെ ഇഷ്ട വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിന് അവസരമൊരുക്കുക തന്നെ വേണം. വിദ്യാഭ്യാസ കാര്യങ്ങളിൽ പ്രാധാന്യം കൊടുക്കുകയും ഇഷ്ടവിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിന് അവസരമൊരുക്കുന്നതും ഉന്നതമായ സാമൂഹ്യ സുരക്ഷയൊരുക്കൽ തന്നെയാണ്.

 ഏതെങ്കിലുമൊരു ദൈവത്തിൽ വിശ്വാസമർപ്പിച്ച് അതിലൂടെ മോക്ഷം നേടാനുള്ള ശ്രമങ്ങൾ സമൂഹത്തിൽ എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. അത്തരം മോക്ഷപ്രാപ്തിക്കായുള്ള ശ്രമങ്ങൾ തന്നെയാണ് പലപ്പോഴും മനുഷ്യനെ തിന്മയിൽ നിന്നകറ്റു കയും സമൂഹത്തിൽ നന്മ ചെയ്യാൻ പ്രേരണ നൽകുകയും ചെയ്യുന്ന ഘടകം. നന്മ ചെയ്യാൻ പ്രേരണ നൽകുന്ന സമൂഹം തന്നെയാണ് സാമൂഹ്യ സുരക്ഷ സമൂഹത്തിലൊരുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കേണ്ടത്.



വിവിധ സംഘടനകൾ ഉയർത്തുന്ന ആശയങ്ങൾ ഫലപ്രദമാണെന്നൊ നടപ്പിലാക്കാൻ സാധ്യമായവയാണെന്നൊ പരിശോധിക്കാതെ അതിൽ പിടിച്ച് കേരളത്തിലെ യുവത പോരാട്ടത്തിന്റെ പാതയിലാണ്. മനുഷ്യത്വം തന്നെ അന്യവത്ക്കരിക്കപ്പെട്ടു പോകുന്ന ഒരു പ്രത്യേക അവസ്ഥാവിശേഷമാണ് കേരളത്തിൽ നിലനിൽക്കുന്നത്. മനുഷ്യത്വം മഹത്വവത്ക്കരിക്കുന്ന അവസ്ഥയാണ് സാമൂഹ്യ സുരക്ഷ കൊണ്ട് വിവക്ഷിക്കുന്നത്.



വളരെ ചെറിയ ആൾക്കൂട്ടത്തിനു വേണ്ടി മാത്രം ഖജനാവ് കാലിയാക്കുന്നതല്ല തൊഴിൽ പരിഷ്ക്കാരം എന്ന് കേരളീയൻ തിരിച്ചറിയേണ്ടിയിരിക്കുന്നു. ആധുനിക സംവിധാനമുപയോഗിച്ച് വളരെ കുറഞ്ഞ ചിലവിൽ സർക്കാർ സംവിധാനം മുന്നോട്ടുകൊണ്ടു പോകേണ്ടതും മിച്ചം വരുന്ന കോടികൾ കൊണ്ട് സമൂഹത്തിൽ സാമൂഹ്യ സുരക്ഷ നടപ്പാക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ തൊഴിൽ പരിഷ്ക്കാരം.



തൊഴിലില്ലായ്മയും വൃത്തിയില്ലായ്മയും അഴിമതിയും കൈക്കൂലിയും അഴിഞ്ഞാടുകയും, കമ്പ്യൂട്ടർവൽക്കരണത്തോട് എതിർപ്പും പ്രകടിപ്പിക്കുന്ന സമൂഹത്തോട് കേരള യുവത പ്രതികരിക്കുകയാണ്. സംസ്ഥാനത്തെ യുവത കടൽ കടക്കുകയും കേരളത്തെ നേർവഴിക്ക് നയിക്കാൻ പ്രാപ്തമായവർ സമൂഹത്തിൽ ഇല്ലാതാവുകയും ചെയ്യുന്ന അവസ്ഥ വിദൂരമല്ല. ഇത് ആനയും പപ്പാനുമില്ലാതെ തോട്ടി മാത്രമായി അവശേഷിക്കുന്ന അവസ്ഥക്ക് തുല്ല്യം തന്നെയാണ്. കടൽ കടക്കുന്ന യുവത സമൂഹത്തിന് നൽകുന്ന സൂചന സാമൂഹ്യ സുരക്ഷ എന്നത് വളരെയകലെയാണ് എന്നതും സാമൂഹ്യ സുരക്ഷയോടുള്ള സമൂഹത്തിന്റെ ഇപ്പോഴത്തെ നിലപാടുകളോടുള്ള എതിർപ്പുമാണ്.

 കേരള മോഡൽ തൊഴിൽ സംസ്ക്കാരത്തിന് ഉദാഹരണമാണ് കേരള അഡ്മിനിസ്ട്രേഷൻ സർവ്വീസിലെ നിയമനങ്ങൾ. ഒരിക്കൽ സംവരണത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ടവരെ വീണ്ടും സംവരണം വഴി തിരഞ്ഞെടുത്ത് നിയമിക്കുകയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ചെയ്യുന്നത്. അതുകൊണ്ടുതന്നെ കാര്യക്ഷമതയെ കശാപ്പ് ചെയ്യുകയാണ് ഉണ്ടായത്. കാര്യക്ഷമതയെ കശാപ്പ് ചെയ്യുക എന്നത് സാമൂഹ്യ സുരക്ഷ നടപ്പിലാക്കുന്നതിനെ കശാപ്പ് ചെയ്യുക എന്നത് തന്നെയാണ്.



നമ്മുടെ വിദ്യാഭ്യാസ മേഖല, മറ്റിതര സർക്കാർ സ്ഥാപനങ്ങളോടും പൊതുമേഖല സ്ഥാപനങ്ങളോടും താരതമ്യം ചെയ്യാൻ പറ്റാത്തത്ര ആത്മാർത്ഥതയും സ്നേഹവും വളർച്ചയും പ്രകടമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സ്ക്കൂളുകൾ ദേശവ ത്ക്കരിച്ചിരുന്നുവെങ്കിൽ ഇത്തരം നേട്ടം കൈവരിക്കാൻ കഴിയുകയില്ലാ യിരുന്നു. വിദ്യാഭ്യാസ മേഖല നൽകുന്ന ദിശാസൂചികക്കനുസൃത മായ മാറ്റങ്ങൾ മറ്റിതര മേഖലയിലും നടപ്പിലാക്കിയില്ലെങ്കിൽ സാമൂഹ്യ സുരക്ഷ എന്ന നേട്ടം കൈവരിക്കാൻ കഴിയുകയില്ല.

 സംസ്ഥാനത്തെ സ്ക്കൂളുകൾ ദേശവത്ക്കരിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെടുത്തുവാൻ കേരള ജനതക്ക് കഴിഞ്ഞുവെങ്കിലും നമ്മുടെ കുട്ടികൾ എന്തു പഠിക്കണമെന്ന് തീരുമാനിക്കുന്നത് അതത് കാലത്ത് വിദ്യാഭ്യാസ മേഖലയിലും രാഷ്ട്രീയ മേഖലയിലും സ്വാധീനം ചലുത്തുന്നവരാണ്. അത് രാഷ്ട്രീയ പരിഗണനകളാലും സംവരണ തത്വങ്ങളാലും മറ്റിതര സ്വാധീനഘടകങ്ങളാലും കയറിപ്പറ്റിയവരാലുമാണ്. രാഷ്ട്രീയ പരിഗണനകളാൽ കയറിപ്പറ്റിയവർ നമ്മുടെ കുട്ടികൾ എന്ത് പഠിക്കണെമെന്ന് തീരുമാനിക്കപ്പെടുന്നത് സമൂഹത്തിന്റെ മനോഭാവത്തെ തകർക്കുകയും സാമൂഹ്യ സുരക്ഷ എന്നത് അനന്തമായി നീണ്ടു പോകാൻ കാരണമായി മാറുകയും ചെയ്യുന്നു

 നിലവിലുള്ള കാടുകളും വന്യ ജീവികളുടെ ആവാസകേന്ദ്രങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. വന്യജീവി സങ്കേത അതിർത്തിയിൽ നിന്ന് ഒരു കിലോമീറ്റർ ദൂരം ബഫർ സോണായി മാറുമ്പോൾ അവിടങ്ങളിൽ ജീവതമാർഗ്ഗം തേടി ജീവിക്കുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകിയും ബഫർ സോൺ നിലനിർത്തേണ്ടിയിരിക്കുന്നു. കാലാവസ്ഥയേയും പരിസ്ഥിതിയേയും സംരക്ഷിക്കപ്പെടേണ്ടി വരുമ്പോൾ കാലോചിതമായ നഷ്ടപരിഹാരം നൽകുക എന്നതും സാമൂഹ്യ സുരക്ഷ നടപ്പിലാക്കുന്നതിന്റെ ഉദാത്ത മാതൃക തന്നെയാണ്.

# എന്റെ സാമൂഹ്യ സുരക്ഷാ ചിന്തകൾ

എസ്.കാച്ചപ്പിള്ളി




സംസ്ക്കാര, കൊച്ചി–682 509

Tel: 9446459784